## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 661**

**04/02/2020-ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.സി. ജോർജ്** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരളത്തിന്റെ സ്വന്തം ബാങ്കായ കേരള ബാങ്ക് നിലവിൽ വന്ന സാഹചര്യത്തിൽ എന്തെല്ലാം തരത്തിലുള്ള സഹായമാണ് പ്രസ്തുത ബാങ്ക് മുഖേന കർഷകർക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | കേരളത്തിന്റെ കാർഷിക മേഖലയുടെ സർവ്വതോന്മുഖമായ എല്ലാ വികസനത്തിനും കേരള ബാങ്ക് സഹായകമായിരിക്കും. കൂടാതെ പലിശ നിരക്കിൽ കുറവ് വരുത്താനും കർഷകർക്ക് കൂടുതൽ തുക വായ്പകൾ നൽകാനും കഴിയും. നബാർഡിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ വായ്പ ലഭിക്കുന്നത് വഴി കാർഷിക മേഖലയെ കൂടുതൽ പുഷ്ടിപ്പെടുത്തുവാൻ കഴിയും. |
| (ബി) | കർഷകർക്ക് നൽകി വരുന്ന കാർഷിക വായ്പയുടെ പരിധി ഉയർത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | നബാർഡ്/ആർ.ബി.ഐ-യുടെ നയപരമായ തീരുമാനങ്ങൾ അനുസരിച്ചാണ് കാർഷിക വായ്പാപരിധി നിശ്ചയിക്കുന്നത്. |
| (സി) | പാട്ടഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡ് (കെ.സി.സി.) ബാധകമാക്കാതെ സ്വർണ്ണപ്പണയത്തിന്മേൽ കുറഞ്ഞ നിരക്കിൽ കാർഷിക വായ്പ നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | (സി) | നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡെവലപ്പ്മെന്റിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമേ പാട്ടഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡ് ബാധകമാക്കാതെ സ്വർണ്ണപ്പണയത്തിന്മേൽ കുറഞ്ഞ നിരക്കിൽ കാർഷിക വായ്പ നൽകുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.